LIBRARY ARCHIVES Kerala Legislative Assembly

മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണം

215 (923) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പമ്പിംഗ് സംവിധാനങ്ങൾ പ്രസ്തുത പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 20489/B1/2014/WRD ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മാവൂർ, ചാത്തമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ഇപ്പോൾ നിലവിലുള്ള ഗ്രാമീണ ശുദ്ധ ജലവിതരണ പദ്ധതികളുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ മാവൂരിലെ കളിമാട് പമ്പിംഗ് സ്റ്റേഷൻ, ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിലെ കുടിവെള്ള വിതരണത്തിന് ഉപയോഗപ്പെടുത്താൻ ഉദ്ദേശിച്ചിട്ടില്ല. ഈ സംവിധാനം കോഴിക്കോട് പദ്ധതിക്ക് മാത്രമായാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) 25-10-2014-ലെ 20489/ബി1/14/ജവിവ നമ്പർ കത്ത് പ്രകാരം കോഴിക്കോട് ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം, മാവൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനായുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള വാട്ടർ അതോറിറ്റി 'മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ

216 (924) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നബാർഡ് സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന മുപ്പൈനാട്, മേപ്പടി, വൈത്തിരി എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഒന്നാംഘട്ടം, സുൽത്താൻ ബത്തേരി, നൂൽപ്പുഴ, മുട്ടിൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി ഒന്നാംഘട്ടം എന്നീ പദ്ധതികളുടെ പൊതുഘടകമായ കിണറിന്റെ പ്രവൃത്തി ത്വരിതഗതിയിൽ നടന്നുവരുന്നു. മറ്റൊരു പൊതുഘടകമായ 29 എം.എൽ.ഡി. ശുദ്ധീകരണശാലയുടെ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിനാൽ റദ്ദാക്കുകയും വീണ്ടും ടെണ്ടർ വിളിക്കാനുള്ള നടപടികൾ നടന്നു വരികയും ചെയ്യുന്നു. പൈപ്പ്ലൈൻ സ്ഥാപിക്കൽ, ജലസംഭരണി നിർമ്മിക്കൽ എന്നിവയുടെ പ്രവൃത്തി ടെണ്ടർ ചെയ്യേണ്ടതുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാണ്.

(സി) മേൽ പറഞ്ഞ പദ്ധതികളുടെ ഒന്നാം ഘട്ടം 31-12-2016-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചേർത്തല താലൂക്കിലെ മറവൻതുരുത്തിലെ പൈപ്പ് പൊട്ടൽ

217 (925) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചേർത്തല താലൂക്കിലെ മറവൻതുരുത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നിരന്തരം പൊട്ടി ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതുമായ 4 കിലോമീറ്റർ ഭാഗം വരുന്ന ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു അറിയിക്കുമോ; പൈപ്പ് പൊട്ടുന്ന സാഹചര്യം എത്ര ദിവസങ്ങൾക്കകം ശാശ്വതമായി പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly